DT/2656/2023-A5

I/362469/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. എ.ആർ 13(2)/92/2022/ഉഭപവ.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-13) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-05-2023

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 'മാപ്പപേക്ഷ' എന്ന പദം ഉപയോഗിക്കുന്നത്- സംബന്ധിച്ച്.

വിവിധ സർക്കാർ സേവനങ്ങൾ നേടിയെടുക്കുന്നതിന് നിർദിഷ്ട സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ കാലതാമസം വരുന്ന സാഹചര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി മാപ്പ്/ക്ഷമ ചോദിക്കുന്ന അപേക്ഷ സമർപ്പിക്കാറുണ്ട്. എന്നാൽ ഇതിലൂടെ യഥാസമയം അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം 'ക്ഷമിക്കുക' അല്ലെങ്കിൽ 'ഒഴിവാക്കുക' എന്നതിലുപരിയായി. ഗുരുതരമായ കുറ്റം/വലിയ അപരാധം എന്ന അർത്ഥതലമാണ് സമൂഹത്തിൽ ഉണ്ടാക്കുന്നത് എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 'കാലതാമസം മാപ്പാക്കുന്നതിന്' എന്നതിനു പകരം 'കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്' എന്ന് ഉപയോഗിക്കേണ്ടതാണ്. ആയതിനാൽ മാപ്പ്, മാപ്പപേക്ഷ, മാപ്പാക്കണം തുടങ്ങിയ വാക്കുകൾ നിർദിഷ്ട അപേക്ഷാ ഫോമുകളിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. ഇക്കാര്യം എല്ലാ വകുപ്പുമേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പുമേധാവികൾക്കും
ഡയറക്ടർ, ഐ & പി.ആർ.ഡി. (വെബ് & ന്യൂമീഡിയയിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Deepakumari C V
Date: 17-05-2023 17:09:24

**മേലെഴുത്ത് നമ്പർ:- DT/2656/2023-A5 തിയതി :29-05-2023**

സർക്കാർ സർക്കുലർ അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു. ഒപ്പ്/-

Dr. Veena N Madhavan IAS, DT DTTVPM, O/O DIRECTOR DTTVPM